compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജൂലൈ 07
Tuesday, 07th July 2026

1201 മിഥുനം 23
23rd Mithunam 1201

1948 ആഷാഢം 16
16th Ashadha 1948

വാല്യം 15
Vol. XV

നമ്പർ 27
No.

Part III

Forest and Wildlife Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അച്ചൻകോവിൽ ഡിവിഷൻ

ഇ-ദർഘാസ് പരസ്യം

നമ്പർ KFDDO/33280/2026-DFOAKVL/A2 04 ജൂലൈ 2026

അച്ചൻകോവിൽ ഡിവിഷന്റെ അധികാര പരിധിയിൽ വരുന്ന കാനയാർ റെയിഞ്ചിലെ ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ വിവരിക്കുന്ന ഫോറസ്ട്രി ജോലി പൂർത്തിയാക്കുന്നതിനുവേണ്ടി **G.O.(MS) No.26/2017/F&WLD dated 20.05.2017, G.O.(Rt) No.141/2021/F&WLD dated 06.05.2021** എന്നീ ഉത്തരവുകൾ പ്രകാരം വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ കോൺട്രാക്ടർമാരിൽ നിന്നും ബഹു.കേരള ഗവർണ്ണർക്കുവേണ്ടി അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ദർഘാസുകൾ Online - മുഖേന ക്ഷണിക്കുന്നു.

ദർഘാസുകാർ വനംവകുപ്പിൽ നിലവിലുള്ളതും ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടു വരുന്നതുമായ എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഇതര മാനദണ്ഡങ്ങളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇ-ദർഘാസ് പ്രമാണങ്ങളും, ഇ-ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ SBI-യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റു ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഇ-ദർഘാസിനോടൊപ്പം സമർപ്പിക്കേതാണ്. NEFT വഴി ഇ-പെയ്മെന്റ് നടത്തുന്ന ദർഘാസുകാർ ദർഘാസ് സമർപ്പിക്കുന്നതിന് മുൻപ് കുറഞ്ഞത് 72 മണിക്കൂർ മുൻപെങ്കിലും ദർഘാസ് ഫോറത്തിന്റെ വിലയും ഇ.എം.ഡി-യും e-procurement system-ൽ എത്തിച്ചേർന്നതായി ഉറപ്പുവരുത്തേതാണ്.

എല്ലാ ഇ-ദർഘാസ് പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ദർഘാസുകളും സ്വീകരിക്കുന്നതല്ല.

പട്ടിക

ക്രമ നമ്പർ	ദർഘാസ് നമ്പർ	പ്രവൃത്തിയുടെ പേര്	അടങ്കൽ തുക (രൂപ)	നിരത ദ്രവ്യം (രൂപ)	ദർഘാസ് ഫോറത്തിന്റെ വില (18% ജി.എസ്.ടി ഉൾപ്പെടെ) (രൂപ)	കരാർ കാലാവധിയും, കരാറുകാരുടെ യോഗ്യതയും
1	02/26-27 KFDDO/33282/2026-DFOAKVL/A2	കാനയാർ റെയിഞ്ചിലെ മംഗള സെക്ഷന്റെ അധികാരപരിധിയിൽ വരുന്ന മണ്ണണ മുതൽ ദേവർമല വരെയുള്ള ട്രെക്ക് പാത്തിന്റെ (റീച്ച്-1) (5 കി.മീ) അറ്റകുറ്റപണികൾ 2026-27 കാലയളവിൽ നിർവ്വഹിക്കൽ.	1,25,300	3,200	500/- രൂപ + 18% ജി.എസ്.ടി 90/- രൂപ ആകെ = 590/- രൂപ	ഉടമ്പടി തീയതി മുതൽ 2 മാസം വരെ സി-ക്ലാസും ഉപരിയും
2	03/26-27 KFDDO/33280/2026-DFOAKVL/A2	കാനയാർ റെയിഞ്ചിലെ മംഗള സെക്ഷന്റെ അധികാരപരിധിയിൽ വരുന്ന മണ്ണണ മുതൽ ദേവർമല വരെയുള്ള ട്രെക്ക് പാത്തിന്റെ (റീച്ച്-2) (5 കി.മീ) അറ്റകുറ്റപണികൾ 2026-27 കാലയളവിൽ നിർവ്വഹിക്കൽ.	1,25,300	3,200	500/- രൂപ + 18% ജി.എസ്.ടി 90/- രൂപ ആകെ = 590/- രൂപ	ഉടമ്പടി തീയതി മുതൽ 2 മാസം വരെ സി-ക്ലാസും ഉപരിയും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇ-ദർഘാസ് പ്രമാണങ്ങളുടെ വിൽപന	www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും download ചെയ്യാവുന്നതാണ്
ഇ-ദർഘാസ് ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും	09.07.2026 രാവിലെ 10.00 മണി മുതൽ
ഇ-ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും	16.07.2026 വൈകുന്നേരം 5.00 മണി വരെ
ഇ-ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, അച്ചൻകോവിൽ, 18.07.2026 രാവിലെ 11.00 മണിക്ക്.
കരാറുകാരുടെ യോഗ്യത	പട്ടികയിൽ പറഞ്ഞിരിക്കും പ്രകാരം
കരാർ കാലാവധി	പട്ടികയിൽ പറഞ്ഞിരിക്കും പ്രകാരം

ഏതെങ്കിലും കാരണവശാൽ 16.07.2026-ലെ ഇ-ദർഘാസ് നടക്കാതെ വന്നാലോ, ദർഘാസിൽ ആരും പങ്കെടുക്കാത്ത സാഹചര്യത്തിലോ, ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം പുനർ ഇ-ദർഘാസ് നടത്തുന്നതാണ്.

പട്ടിക

ഇ-ദർഘാസ് ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന പകരം തീയതിയും സമയവും	ഇ-ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും	ഇ-ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും
10.07.2026 രാവിലെ 10.00 മണി മുതൽ	17.07.2026 വൈകുന്നേരം 5.00 മണി വരെ	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, അച്ചൻകോവിൽ, 20.07.2026 രാവിലെ 11.00 മണിക്ക്.
18.07.2026 രാവിലെ 10.00 മണി മുതൽ	25.07.2026 വൈകുന്നേരം 5.00 മണി വരെ	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, അച്ചൻകോവിൽ 27.07.2026 രാവിലെ 11.00 മണിക്ക്.
20.07.2026 രാവിലെ 10.00 മണി മുതൽ	27.07.2026 വൈകുന്നേരം 5.00 മണി വരെ	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, അച്ചൻകോവിൽ 29.07.2026 രാവിലെ 11.00 മണിക്ക്.

ദർഘാസിനോടൊപ്പം 200/- രൂപയുടെ മുദ്രപത്രത്തിൽ ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, റിക്വിസിഷൻ ഫോർ ഇ-പേയ്മെന്റ്, ക്ലോസ് റ്റു ബി ഇൻക്ലൂടഡ് ഇൻ ദി പവർ ഓഫ് അറ്റോർണി, സാക്ഷ്യപത്രം, ദർഘാസ് ഡോക്കുമെന്റ് എന്നിവ ഓൺലൈനായി സമർപ്പിക്കേതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC-ൽ നിന്നോ, www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന e-tenders help desk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. കരാറുകാരൻ വിവരങ്ങൾ അപ്ലോഡു ചെയ്യുന്നതിനും മറ്റുമുണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

നിലവിലുള്ള എല്ലാ ദർഘാസ് വ്യവസ്ഥകളും ടി ഇ-ദർഘാസിനും ബാധകമായിരിക്കും. പ്രസ്തുത ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പു കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിലും മേലധികാരിയിലും നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജയിയാകുന്ന ദർഘാസുകാരൻ കരാർ തുകയുടെ 0.1 ശതമാനം രൂപയുടെ (ഏറ്റവും കുറഞ്ഞത് 200/- രൂപ) മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പ് തീയതി മുതൽ 10 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 5 ശതമാനമോ 5,00,000/- രൂപയോ ഏതാണോ കുറവ് ആ തുകയ്ക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് സഹിതം കരാർ ഒപ്പ് വയ്ക്കേണ്ടതാണ്. ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും, സ്ഥലത്തും വച്ച് ഇ-ദർഘാസ് തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ, ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

നിബന്ധനകൾ

1. ജി.ഒ (എം.എസ്സ്)-26/2017/വനം-വന്യജീവി വകുപ്പ് തീയതി 20.05.2017, ജി.ഒ (ആർ.റ്റി)-141/2021/വനം-വന്യജീവി വകുപ്പ് തീയതി 06.05.2021 എന്നീ സർക്കാർ ഉത്തരവുകളിലെ എല്ലാ വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ദർഘാസിനെ സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും കേരള ഫോറസ്റ്റ് ആക്ട് 1961, വന്യജീവി സംരക്ഷണ ഭേദഗതി നിയമം 2022-ലെ വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയനായിരിക്കുന്നതാണ്. വനം - വന്യജീവി വകുപ്പിൽ വിവിധ ദർഘാസുകൾ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾക്കും ഇതര നിബന്ധനകൾക്കും പുറമെ ദർഘാസ് ജോലികളുമായി ബന്ധപ്പെട്ട് വനം - വന്യജീവി വകുപ്പോ സർക്കാരോ ഭാവിയിൽ പുറപ്പെടുവിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കുന്നതാണ്.

2. ദർഘാസുകാർ ദർഘാസ് ഫോറത്തിന്റെ വിലയും നിരതദ്രവ്യവും ഇ-പ്രൊക്യൂർമെന്റ് സിസ്റ്റത്തിൽ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം ഉപയോഗിച്ച് ചെയ്യേണ്ടതാണ്. പണം ഒടുക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് സംവിധാനമോ മറ്റു ബാങ്കുകളുടെ NEFT മാർഗ്ഗമോ ഉപയോഗിക്കേതാണ്. ഓൺലൈൻയായി തുക ഒടുക്കുന്നതിന് NEFT സംവിധാനം ഉപയോഗിക്കുന്നവർ ദർഘാസ് അവസാനിക്കുന്ന സമയത്തിന്റെ 72 മണിക്കൂർ മുമ്പെങ്കിലും ഈ സംവിധാനം ഉപയോഗിക്കേണ്ടതും ടെണ്ടർ ഫോറത്തിന്റെ വിലയും നിരതദ്രവ്യവും അടച്ചതിന്റെ സ്ഥിരീകരണം ഈ -പ്രൊക്യൂർമെന്റ് സിസ്റ്റത്തിൽ ലഭിച്ചുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. NEFT വഴിയുള്ള പണമിടപാട് നടത്തുന്നതിന് ഈ-പ്രൊക്യൂർമെന്റ് സിസ്റ്റം നൽകുന്ന ഓൺലൈൻ NEFT റെമിറ്റൻസ് ഫോറം പണം ഒടുക്കിയതിന്റെ സ്ഥിരീകരണമായി പരിഗണിക്കുന്നതല്ല. NIC/SBI എന്നിവ വഴി പണം ഒടുക്കിയത് സ്ഥിരീകരിക്കുന്നതിനുണ്ടാകുന്ന ഒരുതരത്തിലുള്ള കാലതാമസത്തിനും കേരളാ വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

3. ദർഘാസുകാർ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 200/- രൂപയുടെ കേരളാ സർക്കാർ മുദ്രപത്രത്തിൽ തയ്യാറാക്കിയ പ്രാഥമിക കരാർ, ഓൺലൈൻ ഇ-പേയ്മെന്റിനായി ശരിയായി പൂരിപ്പിച്ച പ്രൊഫോർമ, സാക്ഷ്യപത്രം എന്നിവയുടെ സ്കാൻ ചെയ്ത പകർപ്പ് സമർപ്പിക്കേണ്ടതാണ്. തുടർന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പ്രാഥമിക കരാറിന്റെ അസ്സൽ ദർഘാസ് എന്നിവ സീൽ ചെയ്ത കവറിലാക്കി ജോലിയുടെ പേരും ടെണ്ടർ നമ്പറും കവറിനു മുകളിൽ രേഖപ്പെടുത്തി നിശ്ചിത സമയപരിധിക്കകം അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് സ്പീഡ് പോസ്റ്റോ അഥവാ രജിസ്ട്രേഡ് പോസ്റ്റോ വഴി സമർപ്പിക്കേതാണ്. ഇതിന് വീഴ്ച വരുത്തുന്നവരുടെ ദർഘാസുകൾ റദ്ദാക്കുന്നതാണ്.

4. യാതൊരു കാരണവും പറയാതെ ദർഘാസിലെ വിവരങ്ങൾ ഭേദഗതി ചെയ്യുന്നതിനോ എല്ലാ ദർഘാസുകളോ ഏതെങ്കിലും പ്രത്യേക പ്രവൃത്തിയോ റദ്ദുചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ദർഘാസ് അംഗീകരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ദർഘാസുകാരന് ഏതെങ്കിലും ഡേറ്റ ലഭിക്കാതിരിക്കുകയോ ഡൗൺലോഡ് ചെയ്യുമ്പോൾ ഏതെങ്കിലും Scheduled രേഖകൾ നഷ്ടപ്പെടുകയോ ചെയ്യുന്നതുവഴിയുണ്ടാകുന്ന പിശകുകൾക്ക് കേരളാ വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

5. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ NIC-യിൽ നിന്നോ www.etender.kerala.gov.in എന്ന വെബ്സൈറ്റിലെ e-tender help desk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് പ്രവർത്തന സമയത്ത് ലഭ്യമാകുന്നതാണ്. ദർഘാസുകാരൻ ഇ-പേയ്മെന്റിന്റെ വിശദാംശങ്ങൾ (കോർ ബാങ്കിംഗ് സൗകര്യമുള്ളപ്പോൾ ദർഘാസുകാരന്റെ ബാങ്ക് അക്കൗണ്ട് നമ്പരും, ഈ-മെയിൽ വിലാസവും) ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങളില്ലാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6. ദർഘാസുകാരന് ദർഘാസ് അപ്ലോഡ് ചെയ്യുകയോ ഡൗൺലോഡ് ചെയ്യുകയോ ചെയ്യുന്നത് വഴിയുണ്ടാകുന്ന ഏതെങ്കിലും അസൗകര്യത്തിനോ നഷ്ടത്തിനോ കേരളാ വനംവകുപ്പ് ഉത്തരവാദിയാകുന്നതല്ല.

7. ടെണ്ടർ സമർപ്പിക്കുന്നതിന് മുമ്പായി, ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകൾ മനസ്സിലാക്കിയിരിക്കേതാണ്. എഗ്രിമെന്റിന്റെ കരട് ഈ ആഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ദർഘാസ് വ്യവസ്ഥകളും മനസ്സിലാക്കിയിരിക്കേതാണ്. പൂരിപ്പിച്ച ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.

8. ദർഘാസ് സമർപ്പിക്കുന്നതിന് മുമ്പായി ജോലി നടത്തേണ്ടസ്ഥലവും, ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. അതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല.

9. നിശ്ചിത തീയതിക്കും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ, നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകൾ പരിഗണിക്കുന്നതല്ല.

10. ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേതാണ്.

11. ലഭിച്ചിട്ടുള്ള ദർഘാസുകൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആളോ ദർഘാസ് ദിവസം അദ്ദേഹത്തിന്റെ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

12. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

13. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, ആ വിവരം വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്ട്രേഡ് കത്ത് മുഖാന്തിരമോ ഇ-മെയിൽ മുഖേനയോ അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 10 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പു വയ്ക്കേതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള കരാറുകാരനെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽകൂടി നടത്തുന്നതാണ്. ഇതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം അതിൽ വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

14. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് കോൺട്രാക്ട് **തുകയുടെ 5 ശതമാനമോ 5,00,000/-രൂപയോ ഏതാണോ കുറവ് ആ തുകയ്ക്കുള്ള സെക്യൂരിറ്റി ഒടുക്കേതാണ്**. ജോലി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ.

15. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്തില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

16. ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ, പരാതികളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

17. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.

18. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

19. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള സ്ഥല വിസ്തൃതി ഏകദേശം മാത്രമാണ്. ദർഘാസ്കാരൻ സർവ്വേപ്രകാരമുള്ള യഥാർത്ഥ വിസ്തൃതിക്ക് ജോലി ചെയ്യാൻ ബാധ്യസ്ഥനാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

20. ജോലി പൂർത്തിയാക്കി നിശ്ചിത ഫോറത്തിലുള്ള ബില്ല് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നിർവ്വഹണം തൃപ്തികരമെങ്കിൽ താഴെപ്പറയുന്ന പ്രകാരം ബിൽതുക മാറി നൽകുന്നതാണ്. തുക നൽകുന്നത് ഇ-പെയ്മെന്റ് വഴിയായിരിക്കും.

21. താഴെപ്പറയും പ്രകാരമായിരിക്കും ടി ജോലികളുടെ കോൺട്രാക്ടർക്ക് തുക മാറി നൽകുന്നത്.

പ്രസ്തുത ജോലികൾ നിർദ്ദിഷ്ഠ ഗുണനിലവാരത്തോടും ബന്ധപ്പെട്ട മാനദണ്ഡങ്ങളോടും കൂടി പൂർത്തിയാക്കുന്ന പക്ഷം 100% തുകയും കറാറുകാരന് അനുവദിച്ച് നൽകുന്നതാണ്.

22. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവിൽ സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് കുറവ് വരുത്താനോ ജോലി ക്യാൻസൽ ചെയ്യാനോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ആയത് വിജയിയായ ദർഘാസുകാരന് ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഐറ്റങ്ങൾ വ്യക്തമായ കാരണങ്ങളാൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആ ജോലി ചെയ്യുന്നതിന് വിജയിയായ ദർഘാസുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. ആയതിന് നിലവിലുള്ള ഫോറസ്റ്റ് ഷെഡ്യൂൾ റേറ്റ് പ്രകാരം കണക്കാക്കിയ നിരക്ക് മാറി നൽകുന്നതായിരിക്കും.

23. കോൺട്രാക്ടർ വാഗ്ദാനം ചെയ്തിട്ടുള്ള ടെണ്ടറുകൾ നടപ്പിലാക്കുന്നത് പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ടാൽ കോൺട്രാക്ട് സിസ്റ്റം അല്ലാത്ത മറ്റ് മാർഗ്ഗങ്ങളിലൂടെ നടപ്പിലാക്കുന്നതിനുള്ള അവകാശം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

24. ഇ-ദർഘാസ് നടത്തുന്ന സമയത്ത് നിലവിലുള്ള എല്ലാ നികുതികളും ടി ഇ-ദർഘാസിനും ബാധകമായിരിക്കും.

25. അതോടൊപ്പം ഇ-ദർഘാസുമായി ബന്ധപ്പെട്ട് നിലവിൽ വനം വകുപ്പും സർക്കാരും പുറപ്പെടുവിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകൾക്കും ഇതര നിബന്ധനകൾക്കും ബന്ധപ്പെട്ട ഉത്തരവുകൾക്കും സർക്കുലറുകൾക്കും പുറമെ ഈ വിജ്ഞാപന തീയതിക്ക് ശേഷം സർക്കാരോ വനം വകുപ്പോ മറ്റ് വകുപ്പുകളോ ഇ-ദർഘാസുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും, വ്യവസ്ഥകളും , നിബന്ധനകളും ഈ ഇ-ദർഘാസിനും ബാധകമായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നോ (ഫോൺ 0475-2342315), കാനയാർ റെയിഞ്ച് ഫോറസ്റ്റാഫീസിൽ നിന്നോ (ഫോൺ 8547600510) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

അനീഷ്. എസ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
അച്ചൻകോവിൽ
(ബഹു.കേരള ഗവർണ്ണർക്കുവേണ്ടി)

അച്ചൻകോവിൽ
04.07.2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രകൃതിപഠന കേന്ദ്രം ,കാലടി

ലേല പരസ്യം

KFDD0/33373/2026/NSCKALADY/A **തീയതി: 02.07.2026**

പ്രകൃതിപഠന കേന്ദ്രം ,കാലടി ഡിവിഷനിലുള്ളതും കോടനാട് റിസർച്ച് റെയിഞ്ചിന് കീഴിലെ വിവിധ കേന്ദ്രങ്ങളിലുള്ളതുമായ തൊണ്ടി തടികൾ, കഷണങ്ങൾ, വിറക്, ഉരുപ്പടികൾ കൂടാതെ അനുവാദം വാങ്ങി മുറിച്ച തടികളും (സൈൻ ഡീവിയേഷന് പോകാത്തത്), കാറ്റത്ത് വീണതും ഇ-ലേലം പ്രകാരം വിറ്റുപോകാത്തതുമായ തടികൾ,കഴകൾ,ബില്ലറ്റ്, വിറക് മുതലായവ പട്ടികയിൽ കാണിച്ചിരിക്കുന്ന തീയതികളിൽ ·പ്രകൃതി പഠന കേന്ദ്രം,കാലടി അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിൽ വച്ചോ റിസർച്ച് റെയിഞ്ച്,കോടനാട് ഓഫിസിൽ വെച്ചോ ലേലം ചെയ്യുന്നതാണ്. ഫോറസ്റ്റ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 01/03/2013 ലെ പ്രൊ.(5)26274/12 നമ്പർ പ്രകാരം ആധികാരികമായി പ്രസിദ്ധപെടുത്തിയിരിക്കുന്ന വിശേഷാൽ ദർഘാസ്/ലേല വ്യവസ്ഥകൾക്കും, അവയ്ക്ക് കാലാകാലങ്ങളിൽ ഉണ്ടാകുന്ന കൂട്ടി ചേർക്കലുകൾക്കും മാറ്റങ്ങൾക്കും തൊണ്ടി ലേല വ്യവസ്ഥകൾക്കും വിധേയമായി പ്രകൃതിപഠന കേന്ദ്രം ,കാലടി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേല നടപടികൾ അതത് ദിവസം രാവിലെ 11 മണിയ്ക്ക് ആരംഭിക്കുന്നതാണ്. ലേല ദിവസം ഒരു പൊതു അവധി പ്രഖ്യാപിക്കുന്നതായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും ലേലം നടക്കുന്നതായിരിക്കും.

കേസിൽ ഉൾപ്പെട്ട കയറ്റുമതി ഇനം തേക്ക്, ആഞ്ഞിലി തടികളും ലേലത്തിൽ ഉൾപ്പെടുത്തുന്നതായിരിക്കും. ലേലത്തിൽ പങ്കുകൊള്ളുവാൻ ഉദ്ദേശിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് മുൻപ് ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങളുടെ ഗുണ നിലവാരവും അളവുകളും കണ്ട് ബോധ്യപ്പെടേണ്ടതാണ്. ലേലത്തിന് ശേഷം ഇത് സംബന്ധിച്ച് യാതൊരു വിധ പരാതികളും പരിഗണിക്കുന്നതല്ല. ലേലത്തിൽ പങ്കു കൊള്ളുവാൻ ആഗ്രഹിക്കുന്നവർ തേക്ക് തടിയുടെ ലേലത്തിലാണെങ്കിൽ 20,000/-രൂപയും, മറ്റ് തടികളുടെ ലേലത്തിലാണെങ്കിൽ 10,000/- രൂപയും, മറ്റ് വനവിഭവങ്ങളുടെ കാര്യത്തിൽ 2,000/- രൂപയും നിരതദ്രവ്യമായി ലേലത്തിന് മുൻപ് കെട്ടി വെക്കേണ്ടതാണ്. കോടതി ഉത്തരവ് വാങ്ങി ലേലം ചെയ്യുന്ന തടികളുടേയും മറ്റ് വന വിഭവങ്ങളുടേയും മുഴുവൻ ലേല

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തുകയും ലേല ദിവസം തന്നെ കെട്ടി വെയ്ക്കേണ്ടതാണ്. ലേലവ്യവസ്ഥകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് കോടനാട് റിസർച്ച് റെയിഞ്ച് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

(ലേല തീയതികളുടെ പട്ടികയും ഫോൺ നമ്പറുകളും)

മാസം	തീയതി
ജൂലൈ 2026	15.07.20.26
ആഗസ്റ്റ് 2026	13.08.2026
സെപ്തംബർ 2026	16.09.2026
ഒക്ടോബർ 2026	14.10.2026
നവംബർ 2026	18.11.2026
ഡിസംബർ 2026	16.12.2026

നികുതി നിരക്കുകളിലും മറ്റ് സർക്കാർ ഫീസുകളിലും കാലാകാലങ്ങളിൽ സർക്കാർ വരുത്തുന്ന വർദ്ധനവിന് അനുസരിച്ച് തുക ഒടുക്കുവാൻ ലേലക്കാരൻ ബാദ്ധ്യസ്ഥനാണ്.ലേലം സംബന്ധിച്ച് വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഇ-മെയിൽ : acfnsckalady2014.gmail.com

ഫോൺ നമ്പർ :

- പ്രകൃതി പഠന കേന്ദ്രം, കാലടി ഓഫീസ് - 0484 2468680
- റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കാലടി - 0484 2647025/8547603785

സ്ഥലം : മലയാറ്റൂർ

(ഒപ്പ്)

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ

(കേരള ഗവർണ്ണർക്കുവേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരളാ വനംവകുപ്പ്
കോതമംഗലം ഡിവിഷൻ

ഇ-ലേല പരസ്യം

നം: KFDDO/43427/2026 /DFOKGLM G2 **തീയതി: 06.07.2026**

കോതമംഗലം ഡിവിഷനിലെ കാളിയാർ റെയിഞ്ചിലെ 1956 തേക്കോടം തേക്ക് തോട്ടത്തിൽ നിന്നും അടച്ച്വെട്ടിലൂടെ ശേഖരിച്ച വിവിധതരം തേക്ക്കഴകൾ, വിറക്, ബില്ലറ്റ് എന്നിവ 13.07.2026 തീയതിയിൽ എം.എസ്.ടി.സി. മുഖേന ഇ-ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. ഏതെങ്കിലും കാരണത്താൽ അന്നേ ദിവസം ലേലം നടക്കാതെ വന്നാൽ 23.07.2026 ലും അന്നും ലേലം നടക്കാതെ വന്നാൽ 31.07.2026-ലും നടത്തുന്നതാണ്. എം.എസ്.റ്റി.സി കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ക്രമ നം.	റെയിഞ്ച്	തോട്ടത്തിന്റെ പേര്	ഉൽപ്പന്നത്തിന്റെ വിവരം	ലോട്ടുകളുടെ എണ്ണം	അളവ്
1	കാളിയാർ	1956 തേക്കോടം തേക്ക് തോട്ടം	Teak Poles IIC	7	174 Nos.
2			Teak Poles III	2	64 Nos.
3			Teak Poles IV	1	5 Nos.
4			Teak Billet	4	30 MT
5			Teak Firewood	4	51.95 MT
6			Misc.Firewood	3	63.2 MT

ബഹു. സംരക്ഷണ വിഭാഗം അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 17.10.2014-ലെ പ്രൊ(4)-29243/2013 നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള ഡിപ്പോ ലേല വ്യവസ്ഥകൾക്കും നിലവിലുള്ള മറ്റ് വ്യവസ്ഥകൾക്കും കൂടാതെ താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും ഇ-ലേലം. ഇ-ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ലേല ദിവസത്തിന്റെ തൊട്ടു തലേ ദിവസം വൈകിട്ട് 6 മണിക്കു മുമ്പായി നിരതദ്രവ്യം അടച്ചിരിക്കണം. ഈ തുക ഓൺലൈൻ മുഖേന അടയ്ക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്ന ആളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടക്കുന്ന ലേലക്കാരന് മാത്രമേ ഇ-ലേലത്തിൽ പങ്കേടുക്കുവാൻ സാധിക്കുകയുള്ളൂ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജയിക്കുന്ന ലേലക്കാരൻ ലേല സ്ഥിരീകരണ കത്ത് ലഭിച്ച് 7 ദിവസത്തിനകം ലേലവിലയുടെ 35 % തുക ഒടുക്കേണ്ടതാണ്. ഈ തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനം മുഖേന അടയ്ക്കാവുന്നതാണ്. ടി തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.

ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുമ്പായി ഓരോ ലോട്ടിലുമുള്ള കഴ/വിറക് കണ്ട് ബോദ്ധ്യപ്പെടേണ്ടതും അവ സംബന്ധിച്ച് ഉന്നയിക്കുന്ന യാതൊരു പരാതികളും ലേലത്തിനു ശേഷം പരിഗണിക്കുന്നതുമല്ല. കൂടുതൽ വിവരങ്ങൾക്ക് കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലോ, കാളിയാർ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസിലോ പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

പുനർലേലം നടത്തേണ്ടി വരുന്നപക്ഷം തുക ആദ്യ ലേലത്തുകയേക്കാൾ കുറവായാൽ ടി നഷ്ടവും മറ്റ് ചിലവുകളും ഉൾപ്പെടെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിശ്ചയിക്കുന്ന തുക നഷ്ടം വരുത്തിയ ലേലക്കാരനിൽ നിന്നും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ മുഖേന ഈടാക്കുന്നതാണ്.

വിജയിയായ ലേലക്കാരൻ നിലവിൽ ഉള്ള നിരക്കിൽ ചരക്കുസേവന നികുതി, വനവികസന നികുതി, വരുമാന നികുതി എന്നിവയും ഒടുക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 40 ദിവസത്തിനകം ബാക്കി തുകയും ആകെ തുകയുടെ 5 % വന വികസന നികുതിയും, നിലവിലുള്ള നിരക്കിൽ ചരക്കുസേവന നികുതി, വരുമാന നികുതി എന്നിവകളും ഒടുക്കേണ്ടതാണ്. 40 ദിവസത്തിനുള്ളിൽ ടി തുകകൾ ഒടുക്കാതിരുന്നാൽ 18 % പലിശയോടുകൂടി ആദ്യത്തെ ഒരുമാസത്തേയ്ക്കും 24% പിഴപലിശയും അതിന്മേൽ 2.5 % സർചാർജ്ജോടുകൂടി 2- മാസത്തേയ്ക്കും 36% പിഴപലിശയും അതിന്മേൽ 5 % സർചാർജ്ജോടുകൂടി 3- മാസത്തേയ്ക്കും കാലാവധി, യുക്തം പോലെ കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്.

കഴകളും വിറകും സ്ഥലത്ത് നിന്നും നീക്കം ചെയ്യുന്നതിനുള്ള ലൈസൻസ് നൽകുന്നത്, ലേലതുകയും നികുതികളും പൂർണ്ണമായും അടച്ചതിന് ശേഷം മാത്രമായിരിക്കും. നിലവിലുള്ള നിയമങ്ങളും ബാധകമായിരിക്കും. യാതൊരു കാരണവശാലും സ്ഥാവര ജംഗമ വസ്തുക്കൾക്കോ, മറ്റ് മരങ്ങൾക്കോ നാശനാഷ്ടങ്ങൾ വരുത്താൻ പാടില്ല. അങ്ങനെ ഉണ്ടാകുന്ന പക്ഷം നഷ്ടത്തിന് കരാറുകാരൻ ഉത്തരവാദി ആകുന്നതാണ്. കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം വനം വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കപ്പെടുന്നതാണ്.

നികുതി നിരക്കുകളിലും മറ്റ് സർക്കാർ ഫീസുകളിലും കാലാകാലങ്ങളിൽ സർക്കാർ വരുത്തുന്ന വർദ്ധനവിന് അനുസരിച്ച് തുക ഒടുക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

ഇ-ലേലം സംബന്ധിച്ച് കേരള ഫോറസ്റ്റ് കോഡ് പ്രകാരമുള്ള നിബന്ധനകളും എം.എസ്.റ്റി.സി പുറപ്പെടുവിച്ചിട്ടുള്ള പൊതു നിയമങ്ങളും നടപടിക്രമങ്ങളും ടി ലേലത്തിന് ബാധകമായിരിക്കും.

ഇ-ലേല നിബന്ധനകളിൽ ബഹു. സംരക്ഷണ വിഭാഗം അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഏതെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിന് ബാധകമായിരിക്കുന്നതും ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കേണ്ടതുമാണ്. മറ്റൊരു അറിയിപ്പ് കൂടാതെ ലേലം റദ്ദു ചെയ്യുന്നതിനുള്ള അധികാരം കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇ-ലേലം സംബന്ധിച്ച് വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസങ്ങളിൽ ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഇ-മെയിൽ : dfo-kglm.for@kerala.gov.in
ഫോൺ നമ്പർ : ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് - 0485 2822317
: റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കാളിയാർ -8547601302

(ഒപ്പ്)

കോതമംഗലം
06.07.2026

സൂരജ്ബെൻ.കെ.ആർ. ഐ.എഫ്.എസ്.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

(കേരള ഗവർണർക്കുവേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരളാ വനംവകുപ്പ്
കോതമംഗലം ഡിവിഷൻ

ഇ-ലേല പരസ്യം

KFDDO/64634/2024-DFOKGLM L1 **തീയതി 06.07.2026**

കോതമംഗലം ഫോറസ്റ്റ് ഡിവിഷനിലെ മുള്ളരിങ്ങാട് റെയിഞ്ചിൽ ഉൾപ്പെട്ട മുള്ളരിങ്ങാട് സെക്ഷൻ അധികാര പരിധിയിലുള്ള 1968 ചാത്തമറ്റം തേക്ക് പ്ലാന്റേഷനിൽ നിന്നും അന്തിമ ഇടവെട്ടിലൂടെ ശേഖരിച്ചതും ചാത്തമറ്റം ഡംപിംങ് ഡിപ്പോയിൽ സൂക്ഷിച്ചിരിക്കുന്നതുമായ തേക്ക് കഴകൾ, തേക്ക് ബില്ലെറ്റ്, തേക്ക് വിറക്, മിസലേനിയസ് വിറക് എന്നിവ മുള്ളരിങ്ങാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ വച്ച് 15.07.2026 തീയതിയിൽ രാവിലെ 11.30 മണിക്ക് പൊതുലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. ഏതെങ്കിലും കാരണത്താൽ അന്നേ ദിവസം ലേലം നടക്കാതെ വന്നാൽ 21.07.2026-ലും അന്നും ലേലം നടക്കാതെ വന്നാൽ 28.07.2026-ലും അതേ സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്.

ലോട്ട് നം.	ഉൽപ്പന്നങ്ങൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലം	ഇനം	തടിയുടെ അളവ്	വില	നിരതദ്രവ്യം
137/2024 മുതൽ 147/2024 വരെ	**ചാത്തമറ്റം ഡംപിങ് ഡിപ്പോ**	Teak Pole IV C	1064 എണ്ണം	800/നമ്പർ	20,000
148/2024	**ചാത്തമറ്റം ഡംപിങ് ഡിപ്പോ**	Teak Pole V C	145 എണ്ണം	190/നമ്പർ	20,000
149/2024	**ചാത്തമറ്റം ഡംപിങ് ഡിപ്പോ**	Teak Billet	4.1 M^3	41000	20,000
176/2024	**ചാത്തമറ്റം ഡംപിങ് ഡിപ്പോ**	Teak FW	16.4 MT	147600	20,000
177/2024	**ചാത്തമറ്റം ഡംപിങ് ഡിപ്പോ**	FW (HW)	14.75 MT	28025	20,000

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബഹു. സംരക്ഷണ വിഭാഗം അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 17.10.2014-ലെ പ്രൊ(4)-29243/2013 നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള ഡിപ്പോ ലേല വ്യവസ്ഥകൾക്കും നിൽപ്പുമരങ്ങളുടെ വിൽപ്പന സംബന്ധിച്ച് നിലവിലുള്ള മറ്റ് വ്യവസ്ഥകൾക്കും കൂടാതെ താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും ലേലം. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ലേല ദിവസം ലേലസമയത്തിന് 1 മണിക്കൂർ മുമ്പായി നിരതദ്രവ്യം അടച്ചിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടക്കുന്ന ലേലക്കാരന് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

വിജയിക്കുന്ന ലേലക്കാരൻ ലേലവിലയുടെ 35% തുക ലേല ദിവസം തന്നെ ഒടുക്കേ താണ്. ഈ തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനം മുഖേന അടയ്ക്കാവുന്നതാണ്. ടി തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് ക ുകെട്ടുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.

ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുമ്പായി ലോട്ടുകളിലുൾപ്പെട്ട തടികൾ ക ് ബോദ്ധ്യപ്പെടേ തും അവ സംബന്ധിച്ച് ഉന്നയിക്കുന്ന യാതൊരു പരാതികളും ലേലത്തിനു ശേഷം പരിഗണിക്കുന്നതുമല്ല. കൂടുതൽ വിവരങ്ങൾക്ക് കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലോ, മുള്ളരിങ്ങാട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസിലോ പ്രവൃത്തി ദിവസങ്ങളിൽ അന്വേഷിച്ച് അറിയാവുന്നതാണ്.

പുനർലേലം നടത്തേ ി വരുന്നപക്ഷം തുക ആദ്യ ലേലത്തുകയേക്കാൾ കുറവായാൽ ടി നഷ്ടവും മറ്റ് ചിലവുകളും ഉൾപ്പെടെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിശ്ചയിക്കുന്ന തുക നഷ്ടം വരുത്തിയ ലേലക്കാരനിൽ നിന്നും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ മുഖേന ഈടാക്കുന്നതാണ്.

വിജയിയായ ലേലക്കാരൻ നിലവിൽ ഉള്ള നിരക്കിൽ ചരക്കുസേവന നികുതി, വനവികസന നികുതി, വരുമാന നികുതി എന്നിവയും ഒടുക്കേ താണ്. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി തുകയും ആകെ തുകയുടെ 5 % വന വികസന നികുതിയും, നിലവിലുള്ള നിരക്കിൽ ചരക്കുസേവന നികുതി, വരുമാന നികുതി എന്നിവകളും ഒടുക്കി മൊത്തം ലേലത്തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റും വച്ച് ഇ-ലേലത്തിൽ രേഖപ്പെടുത്തുന്ന വിലയുടെ 0.1% തുകക്ക് തുല്യമായ മുഖവിലയുള്ള മുദ്രപത്രത്തിൽ ഉടമ്പടി വെക്കേ തുമാണ്. 15 ദിവസത്തിനുള്ളിൽ ടി തുകകൾ ഒടുക്കാതിരുന്നാൽ 24 % പലിശയും 2.5 % സർചാർജ്ജും ഒടുക്കുന്നതിന് 15 ദിവസത്തെ സമയവും, യുക്തം പോലെ കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്.

കഴകളും വിറകും സ്ഥലത്ത് നിന്നും നീക്കം ചെയ്യുന്നതിനുള്ള പാസ്സ് നൽകുന്നത്, ലേലതുകയും നികുതികളും പൂർണ്ണമായും അടച്ചതിന് ശേഷം മാത്രമായിരിക്കും. നിലവിലുള്ള നിയമങ്ങളും ബാധകമായിരിക്കും. ലേലക്കാരൻ കരാർ കാലാവധി തീരുന്നതുവരെ എല്ലാ സമയവും പ്രവർത്തി സ്ഥലത്ത് ഉ ായിരിക്കേ താണ്. യാതൊരു കാരണവശാലും സ്ഥാവര ജംഗമ വസ്തുക്കൾക്കോ, മറ്റ് മരങ്ങൾക്കോ നാശനാഷ്ടങ്ങൾ വരുത്താൻ പാടില്ല. അങ്ങനെ ഉ ാകുന്ന പക്ഷം നഷ്ടത്തിന് കരാറുകാരൻ ഉത്തരവാദി ആകുന്നതാണ്. കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം വനം വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കേ താണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കപ്പെടുന്നതാണ്. നികുതി നിരക്കുകളിലും മറ്റ് സർക്കാർ ഫീസുകളിലും കാലാകാലങ്ങളിൽ സർക്കാർ വരുത്തുന്ന വർദ്ധനവിന് അനുസരിച്ച് തുക ഒടുക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേലം സംബന്ധിച്ച് കേരള ഫോറസ്റ്റ് കോഡ് പ്രകാരമുള്ള നിബന്ധനകളും പൊതു നിയമങ്ങളും നടപടിക്രമങ്ങളും ടി ലേലത്തിന് ബാധകമായിരിക്കും. ലേല നിബന്ധനകളിൽ ബഹു. സംരക്ഷണ വിഭാഗം അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഏതെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിന് ബാധകമായിരിക്കുന്നതാണ്. മറ്റൊരു അറിയിപ്പ് കൂടാതെ ലേലം റദ്ദു ചെയ്യുന്നതിനുള്ള അധികാരം കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

പൊതു ലേലം സംബന്ധിച്ച് വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസങ്ങളിൽ, ഇ–മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഇ–മെയിൽ : *dfo-kglm.for@kerala.gov.in*
ഫോൺ നമ്പർ : ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് – 0485 2822317
: റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, മുള്ളരിങ്ങാട്–8547601313
:

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കോതമംഗലം
(കേരളാ ഗവർണർക്കുവേ 1)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലയാറ്റൂർ ഡിവിഷൻ

ഇ-ലേല പരസ്യം

നം : എ2-42046/2024 **29.06.2026**

മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽ കോടനാട് റെയിഞ്ചിൽപെട്ട മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന പണിയേലി,അയനിച്ചാൽ,കോട്ടപ്പാറ,കൂവക്കണ്ടം ഭാഗങ്ങളിൽ നിർമിക്കുന്ന സോളാർ ഫെൻസിങിന് അപകടകരമായി നിൽക്കുന്ന വിവിധ ഇനം മൃദുമരങ്ങളും തേക്ക് ഒഴികെയുള്ള ഘന മരങ്ങളും മുറിച്ച് ശേഖരിച്ച് നീക്കം ചെയ്ത് കൊണ്ടുപോകുന്നതിനുള്ള അവകാശം അവകാശം 15/07/2026 തീയതിയിൽ എം.എസ്.ടി.സി. മുഖേന ഇ-ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. ഏതെങ്കിലും കാരണത്താൽ അന്നേ ദിവസം ലേലം നടക്കാതെ വന്നാൽ 22/07/2026-ലും അന്നും ലേലം നടക്കാതെ വന്നാൽ 29/07/2026-ലും നടത്തുന്നതാണ്. എം.എസ്.റ്റി.സി കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ 0471-2529137 എന്ന നമ്പരിൽ ബന്ധപ്പെടുക.

ലോട്ട് നം.	മരങ്ങൾ നിൽക്കുന്ന സ്ഥലം	മരങ്ങ ളുടെ എണ്ണം	ഇനം	തടിയുടെ അളവ് (ഉദ്ദേശം) M^3	വിറകി ന്റെ അളവ് (ഉദ്ദേശം) MT	തടിയുടെ മതിപ്പ് വില	വിറകിന്റെ മതിപ്പ് വില	ആകെ വില	നിരതദ്രവ്യം
5	2013 അക്കേഷ്യ പ്ലാൻറേഷൻ	2148	അക്കേഷ്യ	2095.17	199.262	2,15,74,540	3,36,753	2,19,11,293	25,000
6	കൂവക്കണ്ടം കോട്ടപ്പാറ ക്ഷേത്ര ഭണ്ഡാരം മുതൽ മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷൻ വരെ (Via Kannakkada Junction)	555	അക്കേഷ്യ	100.488	203.682	10,27,992	3,44,223	13,72,215	25,000
7		126	തേക്ക് ഒഴികെയുള്ള മറ്റ് ഘന മരങ്ങൾ	12.908	24.517	70,817	36,040	1,06,857	25,000
8		932	വിവിധ ഇനം മൃദുമരങ്ങൾ	125.825	207.485	8,11,728	3,05,002	11.16.730	25,000
9	കുമ്പളത്തോട് Enclosure മുതൽ Pappaya Factory	855	അക്കേഷ്യ	182.05	110.436	18,62,372	1,86,637	20,49,009	25,000

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

10		236	വിവിധ ഇനം മൃദുമരങ്ങൾ	36.876	51.421	2,72,254	75,589	3,47,843	25,000
11		35	തേക്ക് ഒഴികെയുള്ള മറ്റ് ഘന മരങ്ങൾ	2.568	3.367	12,617	4,950	17,567	25,000
12	കൂവക്കണ്ടം കോട്ടപ്പാറ ക്ഷേത്ര ഭണ്ഡാരം മുതൽ കൂവക്കണ്ടം ക്രോസ് ബാർ വരെ	555	അക്കേഷ്യ	138.41	106.905	14,15,934	90,335	15,06,269	25,000
13	ഇരപ്പുപാറ മുതൽ പണിയേലി പാർക്കിങ് ഗ്രൗണ്ട് വരെ	492	അക്കേഷ്യ	97.197	57.554	9,92,228	97,266	10,89,494	25,000
14		108	വിവിധ ഇനം മൃദുമരങ്ങൾ	5.571	21.04	40,055	30,929	70,984	25,000
15	പണിയേലി പാർക്കിങ് ഗ്രൗണ്ട് മുതൽ പണിയേലി വരെ	267	വിവിധ ഇനം മൃദുമരങ്ങൾ	63.401	69.28	4,98,268	1,01,842	6,00,110	25,000
16		120	തേക്ക് ഒഴികെയുള്ള മറ്റ് ഘന മരങ്ങൾ	14.015	24.927	1,26,016	36,643	1,62,659	25,000

അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) തിരുവനന്തപുരത്തിന്റെ 17.10.2014-ലെ പ്രൊ(4)-29243/13 നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള ഡിപ്പോ ലേല വ്യവസ്ഥകൾക്കും നിൽപ്പുമരങ്ങളുടെ വിൽപ്പന സംബന്ധിച്ച് നിലവിലുള്ള മറ്റ് വ്യവസ്ഥകൾക്കും കൂടാതെ താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും ലേലം. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ലേല ദിവസത്തിന്റെ തൊട്ടു തലേദിവസം **വൈകിട്ട് 5 മണിക്കു മുമ്പായി** നിരതദ്രവ്യം അടച്ചിരിക്കണം. ഈ തുക ഓൺലൈൻ മുഖേനയോ, ഡി.ഡി. മുഖേനയോ മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ അടയ്ക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്ന ആളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടക്കുന്ന ലേലക്കാരന് മാത്രമേ ഇ-ലേലത്തിൽ പങ്കേടുക്കുവാൻ സാധിക്കുകയുളളൂ.

വിജയിക്കുന്ന ലേലക്കാരൻ ലേല സ്ഥിരീകരണ കത്ത് ലഭിച്ച് 7 ദിവസത്തിനകം ലേലവിലയുടെ 35 % തുക ഒടുക്കേണ്ടതാണ്. ഈ തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനം മുഖേന അടയ്ക്കാവുന്നതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുളള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.

ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുമ്പായി ഓരോ ലോട്ടിലുമുളള മരങ്ങൾ കണ്ട് ബോദ്ധ്യപ്പെടേണ്ടതും അവ സംബന്ധിച്ച് യാതൊരു പരാതികളും ലേലത്തിനു ശേഷം പരിഗണിക്കുന്നതുമല്ല. ലേലസ്ഥിരീകരണ കത്ത് ലഭിച്ചാൽ ലേലം കൊണ്ട മരങ്ങൾ പരിശോധിക്കേണ്ടതും, എന്തെങ്കിലും കാരണവശാൽ മരത്തിന്റെ എണ്ണത്തിൽ കുറവ് ഉണ്ടായാൽ ലഭ്യമായ മരത്തിന്റെ ആനുപാതിക തുക അടച്ചാൽ മതിയാകും. കൂടുതൽ വിവരങ്ങൾക്ക് മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലോ, കോടനാട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസിലോ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അന്വേഷിച്ചാൽ അറിയാവുന്നതാണ്.

പുനർലേലം നടത്തേണ്ടി വരുന്നപക്ഷം തുക ആദ്യ ലേലത്തുകയേക്കാൾ കുറവായാൽ ടി നഷ്ടവും മറ്റ് ചിലവുകളും ഉൾപ്പെടെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിശ്ചയിക്കുന്ന തുക നഷ്ടം വരുത്തിയ ലേലക്കാരനിൽ നിന്നും റവന്യൂ റിക്കവറി ഉൾപ്പെടെയുളള നടപടികൾ മുഖേന ഈടാക്കുന്നതാണ്.

ലേലം കൊളളുന്ന ആൾക്ക് പ്രസ്തുത സ്ഥലത്ത് എന്യൂമറേറ്റ് ചെയ്ത് നിർത്തിയിരിക്കുന്ന മൃദു മരങ്ങൾക്കു മാത്രം അവകാശമുളളതും മറ്റ് മരങ്ങൾക്ക് അവകാശം ഇല്ലാത്തതുമാകുന്നു.

വിജയിയായ ലേലക്കാരൻ നിലവിൽ ഉളള നിരക്കിൽ ചരക്കുസേവന നികുതി, വനവികസന നികുതി, വരുമാന നികുതി എന്നിവയും ഒടുക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 07 ദിവസത്തിനകം നിരതദ്രവ്യമായി അടച്ച തുക കൂട്ടിചേർത്ത് ലേലവിലയുടെ 35% അടയ്ക്കേണ്ടതാണ്. ബാക്കി തുകയും ലേലവിലയുടെ പ്രബല്യത്തിലുള്ള IT, FDT, GST എന്നിവകളും ഒടുക്കി മൊത്തം ലേലത്തുകയുടെ 05% സെക്യൂരിറ്റി ഡെപ്പോസിറ്റും വച്ച് ഇ-ലേലത്തിൽ രേഖപ്പെടുത്തുന്ന വിലയുടെ 0.1% തുകക്ക് തുല്യമായ മുഖവിലയുളള മുദ്രപത്രത്തിൽ ഉടമ്പടി വെക്കേണ്ടതുമാണ്. 15 ദിവസത്തിനുളളിൽ ടി തുകകൾ ഒടുക്കാതിരുന്നാൽ 24% പലിശയും പലിശയിന്മേൽ 2.5% സർചാർജ്ജും ഈടാക്കി 15 ദിവസത്തെ സമയവും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് നീട്ടി അനുവദിക്കാവുന്നതാണ്. ഈ കാലാവധിക്കുളളിലും തുക ഒടുക്കാതെ വന്നാൽ യാതൊരു കാരണവശാലും കാലാവധി നീട്ടി കൊടുക്കുന്നതല്ല.

കരാർ കാലാവധി എഗ്രിമെന്റ് തീയതി മുതൽ 40 (**നാൽപ്പത്**) ദിവസമാണ്.

ടി കാലാവധിക്കുളളിൽ നീക്കം ചെയ്യാതെ കിടക്കുന്ന തടിയും വിറകും കണ്ടുകെട്ടി സർക്കാരിലേക്ക് മുതൽകൂട്ടുന്നതും കരാറുകാരന് ആയതിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. കരാറുകാരൻ ചെയ്തു തീർക്കാനുളള ജോലികൾ വകുപ്പ് ചെയ്യിക്കുന്നതും ആയതിൽ വച്ചുണ്ടാകുന്ന മുഴുവൻ ചിലവും കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തടികളും വിറകും സ്ഥലത്ത് നിന്നും നീക്കം ചെയ്യുന്നതിനുള്ള ലൈസൻസ് നൽകുന്നത്, ലേലതുകയും നികുതികളും പൂർണ്ണമായും അടച്ചതിന് ശേഷം മാത്രമായിരിക്കും. നിലവിലുള്ള നിയമങ്ങളും ബാധകമായിരിക്കും. ലേലക്കാരൻ കാലാവധി തീരുന്നതുവരെ എല്ലാ സമയവും ലേല സ്ഥലത്ത് ഉണ്ടായിരിക്കേണ്ടതാണ്. യാതൊരു കാരണവശാലും സ്ഥാവര ജംഗമ വസ്തുക്കൾക്കോ, മറ്റ് മരങ്ങൾക്കോ നാശനാഷ്ടങ്ങൾ വരുത്താൻ പാടില്ല. അങ്ങനെ ഉണ്ടാകുന്ന പക്ഷം നഷ്ടത്തിന് കരാറുകാരൻ ഉത്തരവാദി ആകുന്നതാണ്. മരങ്ങൾ നിൽക്കുന്ന സ്ഥലത്തിന്റെ 0.4 കി.മീറ്റർ ചുറ്റളവിനുള്ളിൽ സംഭവിക്കുന്ന എല്ലാവിധ കുറ്റകൃത്യങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയാകുന്നതാണ്. കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം വനം വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കപ്പെടുന്നതാണ്. കരാറുകാരന്റെ സെക്യൂരിറ്റി തുക കാലാവധിക്കുശേഷം തിരിച്ചുനൽകുന്നതാണ്. എന്നാൽ സർക്കാരിലേക്ക് ബാദ്ധ്യതകൾ വല്ലതുമുണ്ടെങ്കിൽ സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്. മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിനിടയിൽ സർക്കാരിനോ, സ്വകാര്യ വ്യക്തികൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും കരാറുകാരന്റെ ജോലിക്കാർ, പൊതുജനങ്ങൾ എന്നിവർക്ക് സംഭവിക്കാവുന്ന അപകടം, മരണം എന്നിവക്കും കരാറുകാരൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതുമാണ്.

നികുതി നിരക്കുകളിലും മറ്റ് സർക്കാർ ഫീസുകളിലും കാലാകാലങ്ങളിൽ സർക്കാർ വരുത്തുന്ന വർദ്ധനവിന് അനുസരിച്ച് തുക ഒടുക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

ഇ-ലേലം സംബന്ധിച്ച് കേരള ഫോറസ്റ്റ് കോഡ് പ്രകാരമുള്ള നിബന്ധനകളും എം.എസ്.റ്റി.സി പുറപ്പെടുവിച്ചിട്ടുള്ള പൊതു നിയമങ്ങളും നടപടിക്രമങ്ങളും ടി ലേലത്തിന് ബാധകമായിരിക്കും.

ഇ-ലേല നിബന്ധനകളിൽ അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) തിരുവനന്തപുരം ഏതെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിന് ബാധകമായിരിക്കുന്നതും ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കേണ്ടതുമാണ്. മറ്റൊരു അറിയിപ്പ് കൂടാതെ ലേലം റദ്ദു ചെയ്യുന്നതിനുള്ള അധികാരം മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

ഇ-ലേലം സംബന്ധിച്ച് വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസങ്ങളിൽ ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഇ-മെയിൽ : dfo-mytr.for@kerala.gov.in

ഫോൺ നമ്പർ : ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് – 0484 2649052
റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കോടനാട് – 8547604182

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
മലയാറ്റൂർ
(കേരള ഗ[illegible]ക്കുവേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

MALAYATTOOR FOREST DIVISION

E-AUCTION SALE NOTIFICATION

No.A2-42046/2024 29.06.2026

It is hereby notified for the information of the public that the right of felling, collection and removal of standing trees (Softwood and pulpwood) adjacent to solar fencing at Ayanicha,Kottappara,,Koovakkandam areas under Mekkappala Forest Station in Kodanad Range in this Division as specified in the schedule appended below will be sold in E-Auction through M.S.T.C, subject to the terms and conditions of sale of Timber in Government Timber Depots published in Government Gazette No.49 Vol.II dated.10.12.2013 and vide Notification No. Pro(4)29243/13 dated 17/10/2014 of the Additional Principal Chief Conservator of Forests (P), Thiruvananthapuram and as per general conditions of the sale of tree growth prevailing in the Department. For more details visit www.mstcecommerce.com

Contact No. 0471-2529137; 0484-2649052; 8547604182

Date of e-auction: 15.07.26. If the auction cannot be conducted on the proposed date, it will be conducted on 22.07.2026 or 29.07.2026.

Sale Conditions

1. Intending Tenderers/Bidders should deposit an Earnest Money Deposit of Rs.25,000/- (Rupees Twenty five Thousand only) through online / Demand Draft drawn in favour of The Divisional Forest Officer, Malayattoor from any Nationalized Bank for participating in the e-auction.
2. The successful Tenderers / Bidders should remit 35% of the bid value, after adjusting EMD already remitted shall be paid through e-treasury system within 7 working days of issuance of acceptance letter. If the successful bidder fails to remit this amount within the prescribed time, the EMD will be forfeited to Government and the lots will be re-auctioned at his risk and loss.
3. The successful Tenderers/Bidders have to pay balance value along with GST (as per Rule), FDT, Income Tax and other taxes if any at the rate prevailing from time to time within 15 days of issuance of acceptance letter.
4. The e-auction will be on lump-sum basis for the right of felling, collection and removal of entire marked and enumerated softwood tree species only from the above area mentioned in the schedule hereto the area of which has been surveyed and demarcated on the ground.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5. Intending tenderers/bidders may inspect the trees themselves of the quality and quantity of the produce before participating in the auction. Complaints if any, regarding the quality and quantity etc. received after the e-auction will not be entertained.
6. If the value fetched in the resale/re-e-auction is less than that obtained in the original e-auction, the difference between them together with all incidental expenditure to fixing up of the resale including notification charges as assessed by the Divisional Forest Officer concerned will be recovered from the defaulting Tenderers/Bidders through legal means including Revenue Recovery Act in force.
7. The participating Tenderers/Bidders only have the rights for the felling, collection and removal of marked and enumerated standing softwood trees and they have no right for felling, collection and removal of unmarked softwood trees as well as Hardwood trees like Teak, Rosewood, Sandal, Irul etc, if any.
8. The confirmation of the e-auction sale will ordinarily be communicated to the party concerned as early as possible. Within 15 days from the date of issue of acceptance letter, the successful tenderers/Bidders should execute an agreement on a stamp paper worth rupees equal to an amount, 0.1% of the total Sale value, after remitting balance value along with applicable Forest Development Tax, GST (as per Rule) and Income Tax at the rate in force and security deposit of 05% for the total sale value. In case of failure to remit the amount within 15 days extension shall be granted by the Range Forest Officer for 15 days subject to the realization of 24% penal interest plus 2.5% surcharge on the interest. After these, further extension will not be allowed at any cost.
9. The period of contract will be 40 days (Forty days) from the date of execution of Agreement. No extension of the period of contract shall normally be granted on any ground. Under very special circumstances, for good and sufficient reasons, the Divisional Forest Officer may take necessary decisions for grant extension of time.
10. The license for the removal of timber and firewood collected from the coupe should be issued only on the basis of the prevailing norms.
11. The contractor or his agent shall enter into the coupe only after getting the written permission from the Divisional Forest Officer, Malayattoor or Range Forest Officer, Kodanad.
12. The contractor shall at all time during the currency of the contract, keep the boundaries cleared to a width of 2 meters and keep the cairns intact.
13. The contractor will be liable for any damage or loss caused to other trees in the nearby plantations, if any or in the reserve.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

14. The Divisional Forest Officer will give permission to keep the timber and other produce outside the coupe, if requested by the contractor at his own risk. But, if the collected timber/firewood are not removed within the agreement period due to unforeseen situation or climate, a ground rent @Rs.200/- per hectare will be recovered from the tenderer/bidder concerned.
15. The tenderer/bidder will be liable for all the illegal activities occurred within 0.4 km perimeter of the above mentioned area. Any such activities noticed should be reported to the forest officials by the contractor, otherwise the contract will be cancelled.
16. The security deposit will be refunded only after the successful completion of the Agreement conditions after producing the clearance certificates of Sales Tax, Income Tax, Agricultural Income Tax etc... If there is any liabilities outstanding in this respect to the government, that will be adjusted from the security deposit of the contractor.
17. All common conditions regarding sale coupes are also applicable to this e-auction. Further details can be had from the office of the undersigned or from the office of the Range Forest Officer, Kodanad on all working days.

SCHEDULE

Lot No	Range/ Forest station	Area	Item	No. of Trees	Quantity (m3) Timber (Approx.)	Quantity (MT) Fire-wood (Approx.)	Value (Timber) (Rs.)	Value (Firewood)(Rs.)	Total value (Rs.)	EMD
5	Kodanad/ Mekkappala FS	2013 acacia plantation	Acacia	2148	2095.17	199.262	2,15,74,540	3,36,753	2,19,11,293	25,000
6	Kodanad/ Mekkappala FS	Koovakkandam Temple Bhandaram to Mekkappala F S (Via Kannakkada Jn)	Acacia	555	100.488	203.682	10,27,992	3,44,223	13,72,215	25,000
7	Kodanad/ Mekkappala FS		Hard wood Trees other than Teak	126	12.908	24.517	70,817	36,040	1,06,857	25,000

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8	Kodanad/ Mekkappala FS		Softwood Trees	932	125.825	207.485	8,11,728	3,05,002	11,16,730	25,000
9	Kodanad/ Mekkappala FS	Kumbalathodu Enclosure to Pappya Factory	Acacia	855	182.05	110.436	18,62,372	1,86,637	20,49,009	25,000
10	Kodanad/ Mekkappala FS		Softwood Trees	236	36.876	51.421	2,72,254	75,589	3,47,843	25,000
11	Kodanad/ Mekkappala FS		Hard wood Trees other than Teak	35	2.568	3.367	12,617	4,950	17,567	25,000
12	Kodanad/ Mekkappala FS	Koovakkandam Kottappara Temple Bhandaram to Koovakkandam Cross Bar	Acacia	555	138.41	106.905	14,15,934	90,335	15,06,269	25,000
13	Kodanad/ Mekkappala FS	Erappuppara to Paniyeli Parking Ground	Acacia	492	97.197	57.554	9,92,228	97,266	10,89,494	25,000
14	Kodanad/ Mekkappala FS		Softwood Trees	108	5.571	21.04	40,055	30,929	70,984	25,000

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

15	Kodanad/ Mekkappala FS	Paniyeli Parking Ground to Paniyeli	Softwood Trees	267	63.401	69.28	4,98,268	1,01,842	6,00,110	25,000
16	Kodanad/ Mekkappala FS		Hard wood Trees other than Teak	120	14.015	24.927	1,26,016	36,643	1,62,659	25,000

Email - dfo-mytr.for@kerala.gov.in
Phone No. – Divisional Forest Office, Malayattoor Division: 0484-2649052
Range Forest Office, Kodanad - 8547604182

(Sd/-)

Divisional Forest Officer
Malayattoor
(For and on behalf of the
Governor of the State of Kerala)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് മാനന്തവാടി

തൊണ്ടി ലേലപരസ്യം

നമ്പർ എം.- 143/2016. 2025 നവംബർ 29.

നോർത്ത് വയനാട് ഡിവിഷനിൽപ്പെട്ട ബേഗൂർ, മാനന്തവാടി, പേര്യ എന്നീ റെയ്ഞ്ചുകളിലെ വിവിധ വനം കേസ്സുകളിൽപ്പെട്ട തൊണ്ടി സാധനങ്ങളും, ജീവനും സ്വത്തിനും ഭീഷണിയായ മരങ്ങൾ മുറിച്ചതിൽ നിന്നും ശേഖരിച്ച് നോൺ ഡിപ്പോ ഡെലിവറി ഇനം തടികളും, വിറകുകളും താഴെ കാണിച്ചിരിക്കുന്ന തീയതികളിൽ രാവിലെ 11 മണിക്ക് നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥനോ അതാത് റെയ്ഞ്ചുകളിൽവച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സ്ഥിരമായ മേൽവിലാസം രേഖപ്പെടുത്തിയ തിരിച്ചറിയൽ കാർഡ് ലേലത്തിന് മുൻപായി ഹാജരാക്കേണ്ടതും, നിരതദ്രവ്യമായി ₹ 10,000 കെട്ടി വെയ്ക്കേണ്ടതുമാണ്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, പ്രൊട്ടക്ഷന്റെ 2-12-2009-ലെ പ്രൊ(5) 6835/09 നമ്പരായി 22-12-2009-ന് 50-ാം നമ്പർ കേരള ഗസറ്റിൽ പാർട്ട് 3-ലെ 669 മുതൽ 675 പേജ് വരെ പ്രസിദ്ധപ്പെടുത്തിയ ലേല നിബന്ധനകളും മറ്റു നിലവിലുള്ള നിയമങ്ങളും തൊണ്ടി ലേലത്തിന് ബാധകമായിരിക്കും. ഏതെങ്കിലും കാരണവശാൽ പ്രസിദ്ധപ്പെടുത്തിയ തീയതികളിൽ പൊതു അവധി ദിവസമായി വരികയാണെങ്കിൽ അന്നേ ദിവസത്തെ ലേലം തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും വച്ച് നടത്തുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ബേഗൂർ, പേര്യ, മാനന്തവാടി എന്നീ ഫോറസ്റ്റ് റെയ്ഞ്ചാഫീസുമായോ, റെയിഞ്ച് ഓഫീസുകളിലെ ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്.

ഫോൺ നമ്പർ: ബേഗൂർ- 04935240627, മാനന്തവാടി-04935240614, പേര്യ-04935240617

തൊണ്ടി ലേലം 2026

മാസം	ബേഗൂർ റെയിഞ്ച്	മാനന്തവാടി റെയിഞ്ച്	പേര്യ റെയിഞ്ച്
ജനുവരി	27-1-2026	29-1-2026	30-1-2026
ഫെബ്രുവരി	16-2-2026	20-2-2026	25-2-2026
മാർച്ച്	24-3-2026	26-3-2026	31-3-2026
ഏപ്രിൽ	17-4-2026	23-4-2026	29-4-2026
മേയ്	21-5-2026	25-5-2026	29-5-2026
ജൂൺ	23-6-2026	26-6-2026	29-6-2026
ജൂലൈ	21-7-2026	24-7-2026	30-7-2026
ആഗസ്റ്റ്	17-8-2026	19-8-2026	21-8-2026
സെപ്റ്റംബർ	23-9-2026	25-9-2026	29-9-2026
ഒക്ടോബർ	23-10-2026	28-10-2026	30-10-2026
നവംബർ	23-11- 2026	26-11-2026	30-11-2026
ഡിസംബർ	22-12-2026	28-12-2026	30-12-2026

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നോർത്ത് വയനാട് ഡിവിഷൻ
(കേരള ഗവർണ്ണർക്കുവേണ്ടി).

നോർത്ത് വയനാട് ഡിവിഷണൽ
ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം, മാനന്തവാടി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.07 04:58:24 +05:30